**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2252** **11-03-2020-ൽ മറുപടിക്ക്**

## ടൂറിസം വിഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസ്റ്റുകൾക്ക് വിഭവസമൃദ്ധമായ ഭക്ഷണമൊരുക്കാൻ ടൂറിസം വിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിവരിക്കാമോ; | (എ) | ടൂറിസം വകുപ്പ് 'ടൂറിസം വിഷൻ' എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ കേരളത്തിന്റെ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലായിടത്തും ഉറപ്പു വരുത്തുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ 'എക്സ്പീരിയൻസ് എത്നിക്/ ലോക്കൽ ക്യുസീൻ' എന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (ബി) | പരമ്പരാഗത ശൈലിയിൽ കേരളീയ ഭക്ഷണം തയ്യാറാക്കി നൽകുന്ന രീതി ടൂറിസം രംഗത്ത് അവലംബിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പരമ്പരാഗത കേരളീയ വിഭവങ്ങളും അതാത് പ്രദേശത്തെ തനതു വിഭവങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതോടൊപ്പം കേരളത്തിന്റെ ഭക്ഷണം ഒരു ബ്രാൻഡായി ഉയർത്തിക്കൊണ്ടു വരുക എന്നുള്ള ലക്ഷ്യത്തോടെ ടൂറിസം വകുപ്പിന് കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എക്സ്പീരിയൻസ് എത്നിക്/ലോക്കൽ ക്യുസീൻ നെറ്റ് വർക്ക്'. പരമ്പരാഗത ശൈലിയിൽ ഭക്ഷണം പാകം ചെയ്യുന്നത് കാണുവാനും താൽപ്പര്യമുള്ളവർക്ക് പഠിക്കുവാനും ഉള്ള സൗകര്യം ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നുണ്ട് . |

| | | | |
|---|---|---|---|
| (സി) | ടൂറിസം രംഗത്ത് കുടുംബശ്രീ ഭക്ഷണ ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഈ രംഗത്ത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുമോ എന്നറിയിക്കാമോ? | (ഡി) | കേരളത്തിലെ ഓരോ പ്രദേശത്തെയും പ്രാദേശിക വിഭവങ്ങളും നാടൻ ഭക്ഷണവും വിനോദ സഞ്ചാരികൾക്ക് വൃത്തിയായും, മിതമായ വിലയിലും പ്രാദേശിക ഭവനങ്ങളിൽ ലഭ്യമാക്കുക എന്നുള്ള ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ പദ്ധതിയിൽ സാധാരണക്കാരായ വീട്ടമ്മമാരെയാണ് പ്രധാനമായും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**